## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 193 — 08.03.2017 -ൽ മറുപടിക്ക്

### വിനോദസഞ്ചാര രംഗത്ത് മലബാർ മേഖലയുടെ സാധ്യത

**ചോദ്യം**

ശ്രീ. വി. അബ്ദു റഹിമാൻ
ശ്രീ. എ.എൻ.ഷംസീർ
ശ്രീ. കെ. കുഞ്ഞിരാമൻ
ശ്രീ. ജോർജ്. എം. തോമസ്

**ഉത്തരം**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം വിനോദസഞ്ചാര രംഗത്ത് മലബാർ മേഖലയുടെ സാധ്യത പ്രോത്സാഹിപ്പിക്കാനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് അറിയിക്കുമോ;

എ) 1. കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട നോർത്ത് മലബാർ ടൂറിസം ഡവലപ്മെന്റ് ഇനിഷിയേറ്റീവ് പദ്ധതി.

2. ഉത്തര മലബാറിലെ നദികളെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു റിവർ ക്രൂയിസ് സർക്യൂട്ട് പദ്ധതി നടപ്പിലാക്കുന്നത് പരിഗണിച്ചു വരുന്നു.

3. മലബാർ മേഖലയുമായി ബന്ധപ്പെട്ട് കിഫ്ബിയിൽ സമർപ്പിക്കുന്നതിലേക്കായി താഴെ പറയുന്ന പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

എ) മുഴപ്പിലങ്ങാട് ത്രീ സ്റ്റാർ ബീച്ച് റിസോർട്ട് നിർമ്മാണം - 45.60 കോടി രൂപ

ബി) വടകര പയ്യോളിയിലെ സർഗാലയ

കേന്ദ്രം ആധാരമാക്കി കൊണ്ടുള്ള ഇന്റഗ്രേറ്റഡ് ടൂറിസം പദ്ധതി - 135 കോടി രൂപ

4. ധർമ്മടം, ധർമ്മടം ദ്വീപ്-മുഴപ്പിലങ്ങാട് ബീച്ച് കോർത്തിണക്കി റോപ് വേ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരുന്നു.

5. തലശ്ശേരി ഹെറിറ്റേജ് സർക്യൂട്ട് പദ്ധതിയുടെ രണ്ടാം ഘട്ടം.

6. കണ്ണൂരിലെ പുതിയ വിമാനത്താവളം കേന്ദ്രീകരിച്ചുള്ള ടൂറിസം വികസന പദ്ധതിയും ധർമ്മടം തുരുത്തുമായി ബന്ധപ്പെട്ട് മറൈൻ മ്യൂസിയം, ലോകനിലവാരത്തിലുള്ള അക്വേറിയം, റിസർച്ച് സ്റ്റേഷൻ എന്നീ പദ്ധതികളുടെ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| ബി) മലബാർ പ്രദേശത്തെ വിനോദസഞ്ചാര വികസന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് പുതിയ സംവിധാനം ഉദ്ദേശിക്കുന്നുണ്ടോ; | ബി) മലബാർ പ്രദേശത്തെ വിനോദസഞ്ചാര വികസന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് ബി.ആർ.ഡി.സി.യെ നോഡൽ ഏജൻസിയായി നിയമിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |
| സി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെയും ബേക്കൽ ടൂറിസം | സി) തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൻ കീഴിൽ 25 വിവിധ പ്രവൃത്തികൾക്കായി, ഏകദേശം 46 കോടിയോളം രൂപ, |

| | |
|---|---|
| വികസന പദ്ധതിയുടെയും പുരോഗതി അറിയിക്കാമോ; ഇവ വിഭാവനം ചെയ്ത രീതിയിൽ പൂർത്തീകരിക്കുന്നതിന് സർക്കാർ ഇടപെടലുണ്ടാകുമോ എന്നറിയിക്കാമോ? | സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ പൊതു മരാമത്ത് വകുപ്പ്, ഹാർബർ എൻജിനീയറിംഗ് വകുപ്പ്, കിറ്റ്കോ എന്നീ നിർവ്വഹണ ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കേണ്ടത്. ഇതിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. തലശ്ശേരി ഉൾപ്പെടുന്ന ചരിത്രപ്രധാന സ്ഥലങ്ങൾ, സ്മാരകങ്ങൾ എന്നിവ ഉൾപ്പെടുത്തി തലശ്ശേരി പൈതൃക സർക്യൂട്ട് ടൂറിസം പദ്ധതി വികസിപ്പിക്കുന്നതിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനും ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഏജൻസികളുമായി ചർച്ച നടത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ഒരു ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി അഞ്ച് പദ്ധതികളുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നത് അന്തിമ ഘട്ടത്തിലാണ്.<br><br>തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ നിർവ്വഹണ പുരോഗതിക്കായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്.<br><br>കാസർഗോഡ് ജില്ലയിലെ ബേക്കൽ ടൂറിസം വികസന പദ്ധതിയുടെ നടത്തിപ്പിനായി ബേക്കൽ റിസോർട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ (BRDC) എന്ന കമ്പനി രൂപീകരിച്ചു. ബേക്കൽ ടൂറിസം വികസന |

ത്തിന് നാല് പഞ്ചായത്തുകൾ ഉൾപ്പെട്ട പദ്ധതി പ്രദേശത്ത്, 235.58 ഏക്കർ സ്ഥലം കമ്പനി ഏറ്റെടുത്തു. ഇതിൽ 205 ഓളം ഏക്കർ റിസോർട്ടുകളുടെ നിർമ്മാണത്തിനായി അനുയോജ്യമായ 6 റിസോർട്ട് സൈറ്റു കളായി തിരിച്ച് ആവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കി. 6 സൈറ്റുകളും റിസോർട്ട് നിർമ്മാണത്തിനായി ദീർഘകാല പാട്ടവ്യവ സ്ഥയിൽ കൈമാറി. ഇതിൽ രണ്ട് റിസോർട്ടു കൾ (ലളിത് റിസോർട്ട് & സ്പാ, താജ് വിവാന്ത ബേക്കൽ) പ്രവർത്തനം ആരംഭിച്ചു. ബാക്കിയുള്ള റിസോർട്ടുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.